മാതൃക ചോദ്യപേപ്പർ
പാർട്ട് 11മലയാളം
കൈപ്പാട് കൈപ്പാട്ഹയർസെക്കൻഡറി ഒന്നാം വർഷം

സ്കോർ: 80

സമയം : 21/2 മണിക്കൂർ

സമാശ്വാസ സമയം:15 മിനിറ്റ്

പൊതു നിർദ്ദേശങ്ങൾ

* ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ചു മനസിലാക്കുന്നതിനും ഉത്തരമെഴുതുന്നത് ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കുക.

* ചോദ്യങ്ങൾക്കൊപ്പമുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിച്ചു മനസ്സിലാക്കി ഉത്തരങ്ങൾ എഴുതുക

1. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ശരിയായ 2 ഉത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.

(5*2=10)

1.ജോനാഥൻ എന്ന കഥാപാത്രത്തിന് യോജിക്കുന്ന രണ്ട് പ്രസ്താവനകൾ എഴുതുക

A.കടൽ കാക്കകളെ പോലെ താണു പറന്നു

B. ഇരുളിനെ കീറിമുറിച്ച് പറക്കാൻ
പരിശ്രമിച്ചു

C.മീന്തലുകൾക്ക് പിറകെ പാഞ്ഞു.

D. ഉയർന്നു പറക്കുന്ന സ്വപ്നമായിരുന്നു
അവൻറെ മനസ്സു നിറയെ.

2.കൈപ്പാട് എന്ന ഡോക്യുമെൻററിക്ക് ചേരുന്നത്

A. ഗീതു മോഹൻദാസ് നിർമ്മിച്ചു.

B. പാരിസ്ഥിതിക പ്രാധാന്യം .

C. വസുധ പുരസ്കാരം.

D.മികച്ച ബാലതാരത്തിനുള്ള അവാർഡ്

3. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ വൃദ്ധയും യുവതിയും തമ്മിലുള്ള സമാനത വ്യക്തമാക്കുന്ന സൂചനകൾ :

A.രണ്ടുപേരും വീടിനുള്ളിൽ ഒതുങ്ങി കഴിയുന്നു.

B. ചെറുപ്രായത്തിൽ രണ്ടുപേരുടെയും വിവാഹം നടന്നു.

C. രണ്ടുപേർക്കും കഥയെഴുത്തിൽ താല്പര്യമുണ്ട്.

D. രണ്ടുപേരും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നവർ ആയിരുന്നു.

4.സന്ദർശനം എന്ന കവിതയിൽ പ്രണയകാലത്തെ സൂചിപ്പിക്കുന്ന രണ്ട് സവിശേഷപ്രയോഗങ്ങൾ കണ്ടെത്തുക?

A.പൊൻ ചെമ്പകം പൂത്തകരൾ

B. കവിത പോലും വരണ്ടുപോയി

C. മരണവേഗത്തിൽ ഓടുന്ന വണ്ടികൾ

D. കനക മൈലാഞ്ചി നീരിൽ തുടുത്ത
വിരൽ.

5. 'മുഹ യുദീൻ മാല' എന്ന' കൃതിക്ക് യോജിച്ച രണ്ടു പ്രസ്താവനകൾ എടുത്തെഴുതുക ?

A.മൊയിൻകുട്ടി വൈദ്യർ രചിച്ചത്

B സൂഫി ശ്രേഷ്ഠന്റെ അവതാനങ്ങൾ വാഴ്ത്തുന്നു
C.അറബി മലയാളത്തിലെ ആദ്യ കൃതി
D കത്തുപാട്ട് വിഭാഗത്തിൽപ്പെടുന്നു

6.കാവ്യ കലയെ കുറിച്ചുള്ള എം എൻ വിജയൻറെ നിരീക്ഷണങ്ങളിൽ
ഉൾപ്പെടാത്തത് എടുത്ത് എഴുതുക?
A. പദക്കർത്താണ് കവിത
B.വാക്കുകൾക്ക് സുഭഗമായ
അർത്ഥതലങ്ങൾ വേണം
C. വാക്കുകളുടെ നൃത്തമാണ് കവിത
D. പറയുന്നതിന് അപ്പുറത്തുള്ളതാണ്
കവിത

II 7 - 10വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക .2 സ്കോർ വീതം (3×2=6)

7. 'കായലരികത്ത് ' ഗാനത്തെ ശ്രദ്ധേയമാക്കുന്ന ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക ?

8.നീയോ റിയലിസ്റ്റ് സിനിമയുടെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ എഴുതുക?

9 മരണവേഗത്തിൽ ഓടുന്ന വണ്ടികൾ നഗരവീഥികൾ നിത്യ പ്രയാണങ്ങൾ - നായകൻറെ മനോഭാവം 'സന്ദർശനം' എന്ന കവിതയിൽ കവി എങ്ങനെയാണ് ?

10. തിരുവാതിര രാവിന്റെ പ്രത്യേകതകൾ വൈലോപ്പിള്ളി ഊഞ്ഞാലിൽ എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

III.. 11 - 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക സ്കോർ നാലു വീതം
(6×4=24)

11. അരുൾ ഉള്ളവനാണ് ജീവി എന്നു പറയുന്നതിന്റെ പൊരുൾ എന്ത് ?

12. 'പെയ്യുവാൻ പോകുന്ന കാർമേഘത്തെ പോലെ ഈ ഓർമ്മ എന്റെഅന്തരംഗം പൊട്ടുമാറു വിങ്ങിനിൽക്കുന്നു.' - ബഷീർ ഇങ്ങനെ പറയുവാനുള്ള സാഹചര്യം വ്യക്തമാക്കുക?

13. ദേവി ബഹനെയും തങ്കം നായരെയും സ്ത്രീത്വത്തിന്റെ വ്യത്യസ്ത മുഖങ്ങളായി പരിഗണിക്കാമോ? സോദാഹരണം കുറിപ്പ് തയ്യാറാക്കുക?

14.' പുസ്തകം തിന്നുന്നവൻ പുസ്തകപ്പുഴുവാകാം പക്ഷേ മണ്ണ് തിന്നുന്നവൻ ഞാഞ്ഞൂലായി ' എം എൻ വിജയൻറെ ഈ അഭിപ്രായത്തെ കുറിച്ച് നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക?

15. ഓപ്പറേഷന് വിധേയയാവേണ്ട അമ്മയുടെ മാനസിക ഭാവങ്ങൾ കെ പി രാമനുണ്ണി 'ശസ്ത്രക്രിയ' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് ?

16. " നിറവേറ്റലെത്രയീ ദാമ്പത്യത്തിൽ നയമെത്രയാണഭിനയമെത്രയാണെന്നോ"
(കണ്ണീർ പ്പാടം)

ഈ വരികളെ ഇന്നത്തെ കുടുംബ ജീവിതവുമായി ബന്ധപ്പെടുത്തി കാഴ്ചപ്പാട് അവതരിപ്പിക്കുക .

17. 'വാസന വികൃതി ' കഥ മറ്റു കഥകളിൽ നിന്ന് സവിശേഷമാകുന്നത് എങ്ങനെ?

IV 18 - 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ6 വീതം (3×6=18)

18.അതിജീവനത്തിന്റെ പ്രതീകമാണോ മത്സ്യം സ്സാഭിപ്രായം സമർത്ഥിക്കുക?

19. ശസ്ത്രക്രിയ എന്ന കഥയിലെ അമ്മയ്ക്ക് മകനോടുള്ള വാത്സല്യം വ്യക്തമാക്കുന്ന സന്ദർഭങ്ങൾ വിവരിക്കുക?

20.'ഒരു കുറ്റി ചൂല് "ഞെണുങ്ങിയവക്കാർ ന്നൊരു കഞ്ഞിപ്പാത്രം 'ഈ അവസ്ഥകളിൽ നിന്ന് ആറ്റൂർ രവിവർമ്മ സ്വപ്നം കാണുന്ന സ്ത്രീ എങ്ങനെയുള്ളവളാണ്.?

21. ശ്രീകൃഷ്ണന്റെ ശൈശവകാലം വർണ്ണിക്കുന്നതിനുള്ള ചെറുശ്ശേരിയുടെ പാടവും' പീലിക്കണ്ണുകൾ' എന്ന കാവ്യഭാഗത്തെ ആസ്പദമാക്കുക?

V. താഴെക്കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം വായിച്ച് 22മുതൽ 24 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (3×2=6)

റേഡിയോവിലും ടി.വി.യിലും ഏതുതരം പരിപാടികളോട് ബന്ധപ്പെട്ടതാണ് തങ്ങളുടെ പരസ്യം വരേണ്ടത് എന്ന് തീരുമാനിക്കുന്നതിൽ പരസ്യ വിദഗ്ധർ ശ്രദ്ധിക്കും. ആകുന്നത്ര കൂടുതലാളുകളെ ആകർഷിക്കാൻ ഇടയുള്ള പരിപാടികളോട് ഒട്ടി നിൽക്കുക എന്ന നയമാണ് സ്വാഭാവികമായി എല്ലാ പരസ്യക്കാരും കൈക്കൊള്ളുക. അതിശയോക്തിയുടെ ഹസ്തവലംബം കൂടാതെ പരസ്യവും പ്രചാരണവും വളരെ വിരളമാണ്. അതിനാൽ പരസ്യങ്ങളെയും പ്രചാരണ യതങ്ങളെയും ഒന്നടങ്കം അവിശ്വസനീയമെന്നും അനഭിലഷണീയമെന്നും പരിഗണിക്കുന്നവർ പലരുമുണ്ട്. സൂക്ഷ്മ ചിന്തയിൽ ഈ നിലപാട് അത്ര ശരിയല്ല എന്ന് വ്യക്തമാകും. ശുചിത്വപാലനം ,രോഗപ്രതിരോധം, പുകവലിയുടെയും മദ്യപാനത്തിന്റെയും ദോഷഫലങ്ങൾ,ഗതാഗത നിയമങ്ങൾ അനുസരിക്കേണ്ടതിന്റെയും മദ്യപാനത്തിന്റെയും ദോഷഫലങ്ങൾ, ഗതാഗത നിയമങ്ങൾ അനുസരിത് ക്കേണ്ടതിന്റെയും നികുതി കൾ കൃത്യമായി അടക്കേണ്ടതിന്റെയും ആവശ്യകത ഇത്യാദി വിഷയങ്ങളിലേക്ക് ബഹുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുന്നതിൽ മാധ്യമങ്ങൾ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് ശ്ലാഹനീയം തന്നെ.

ചൂടപ്പം പോലെ ജനങ്ങൾ തേടിപ്പിടിച്ച് വീർപടക്കിയിരുന്ന് വായിക്കുന്ന ആയിരമായിരം പുസ്തകങ്ങളുടെ ലക്ഷക്കണക്കിന് പ്രതികൾ ലോകമെമ്പാടുമുള്ള പ്രസിദ്ധീകരണ ശാലകളിൽ നിന്നും തുടരെത്തുടരെ പുറത്തിറങ്ങി കൊണ്ടിരിക്കുന്നു . പത്രങ്ങളും വാരികകൾ തുടങ്ങിയ ആനുകാലിക പ്രസിദ്ധീകരണങ്ങളും നാം ജീവിക്കുന്ന ലോകത്തെപ്പറ്റിയുള്ള സ്ഥിതിവിവര സംഗ്രഹം പ്രസക്തമായ സമയത്തിന്റെ ഏറ്റവും അടുത്ത ബിന്ദുവിൽ നിന്നുകൊണ്ട് നിത്യവും നമ്മുടെ കൈകളിൽ എത്തിച്ചു തരുന്നു. ലോക വാർത്തകളും മനുഷ്യരാശിയുടെ വിജ്ഞാനത്തിന്റെ വ്യത്യസ്ത മുഖങ്ങളും വിവിധ വിനോദങ്ങളുംസ്വന്തം വീട്ടിൽ സുഖമായിരുന്നു കണ്ടും കേട്ടും അറിയാനും ആസ്വദിക്കാനും ടി.വി .നമുക്ക് സൗകര്യം നൽകുന്നു. സിനിമ മുഖ്യമായും ഒരു വിനോദ ഉപാധിയാണെങ്കിലും സശ്രദ്ധ സംവിധാനം ചെയ്ത പല ചലച്ചിത്രങ്ങളും ശക്തിമത്തായ വിദ്യാഭ്യാസ ഉപകരണങ്ങളായും പ്രയോജനപ്പെടുന്നു . പുസ്തകങ്ങളും പത്ര മാസികാ ദികളും , സിനിമ, റേഡിയോ, ടി.വി. എന്നിവയുമില്ലാത്ത ലോകത്തെപ്പറ്റി ഇനി നമുക്ക് സങ്കൽപ്പിക്കാൻ പോലും എളുപ്പമല്ല. അത്രയ്ക്കുണ്ട് ഈ ബഹുജന മാധ്യമങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തി കൊണ്ടിരിക്കുന്ന സ്വാധീനം,

22. സ്വാഭാവികമായി കൈക്കൊള്ളുന്ന നയം എന്ത്?

23. സൂക്ഷ്മ ചിന്തയിൽ ഈ നിലപാട് ശരിയല്ല എന്ന് വ്യക്തമാകും.നിലപാട് എന്ത്?

24. ടി.വി. നമുക്ക് എന്തെല്ലാം സൗകര്യങ്ങൾ നൽകുന്നു?

VI.25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 8 വീതം. (2×8=16)

25. ജീവിതത്തോട് ഏറ്റവും പ്രകടമായ സത്യസന്ധത പുലർത്തുന്നു എന്നതാണ് നിയോ റിയലിസ്റ്റിക് സിനിമകളുടെ പ്രത്യേകത. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 'ബൈസിക്കിൾ തീവ്സ് ' സിനിമയെ വിശകലനം ചെയ്യുക?

26. 'ഉയിരിൻ കൊലക്കുടുക്കാക്കാവും കയറി നെ ഉഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം' വൈലോപ്പിള്ളിയുടെ ഈ ജീവിത വീക്ഷണം ആധുനിക കാലഘട്ടത്തിൽ എത്രത്തോളം പ്രസക്തമാണെന്ന് പരിശോധിക്കുക?

27. ഇന്നത്തെ സ്ത്രീകളുടെ ജീവിത അവസ്ഥകൾ 'ഓർമ്മയുടെ ഞരമ്പ് എന്ന കഥയിലെ സ്ത്രീ കഥാപാത്രങ്ങളുടേതിൽനിന്ന് വ്യത്യസ്തമാണോ വിശകലനക്കുറിപ്പ് തയ്യാറാക്കുക?